LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ രണ്ട് പ്രശ്നങ്ങളാണുള്ളത്. ഒന്ന് അപകടമുണ്ടാകുമ്പോഴുള്ള ഇമ്മീഡിയറ്റ് റെസ്പോൺസും മറ്റൊന്ന് ആശുപത്രിയിൽ എത്തിയതിനുശേഷമുള്ള ചികിത്സയുമാണ്. ഇമ്മീഡിയറ്റ് റെസ്പോൺസിന്റെ കാര്യത്തിൽ പലപ്പോഴും ആളുകൾ ഒഴിവായിപ്പോകുന്ന ദുഃഖകരമായ സാഹചര്യമാണുള്ളത്. ആശുപത്രിയിൽ ചെന്നുള്ള ചികിത്സയ്ക്ക് ആവശ്യമായ നടപടിയുണ്ടാകും. ചികിത്സ സൗജന്യമാക്കുമെന്നത് സംബന്ധിച്ച് പ്രധാനമന്ത്രിയുടെ പ്രസ്താവന പത്രത്തിൽ വായിച്ചിരുന്നു. അങ്ങനെ ഇന്ത്യാ ഗവൺമെന്റ് ഒരു നയം കൊണ്ടുവന്നാൽ നമുക്കത് ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കും.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് നവീകരണം

3(*603) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് നവീകരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഉണ്ട്.

(ബി&സി) സ്വന്തമായി സ്ഥലവും കെട്ടിടവും ഒരുക്കിത്തരുന്ന സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷത്തിൽ ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി 27.28 കോടി രൂപയ്ക്ക് ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ അഗ്നിശമന സേനാംഗങ്ങളുടെ സുരക്ഷയ്ക്കും അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിനും ഉതകുന്ന ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക് അടിയന്തര സഹായമായി

175.63 കോടി രൂപയുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ഗതാഗതക്കുരുക്കുമൂലം അപകടസ്ഥലങ്ങളിലെത്താൻ കാലതാമസം വരുന്നുവെന്ന വസ്തുത പരിഗണിച്ച്, അപകടസ്ഥലത്ത് ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ എത്തിച്ചേരുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ സാറ്റലൈറ്റ് ഫയർ ഔട്ട്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. നവീകരണത്തിന്റെ ഭാഗമായി കൂടുതൽ അഗ്നിശമന ഉപകരണങ്ങളും ആധുനിക വാഹനങ്ങളും വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആധുനികവൽക്കരണ പ്രവർത്തനത്തിന്റെ ഭാഗമായി ഇ-ഗവേണൻസ് നടപ്പിലാക്കുന്നതുവഴി ബഹുനില കെട്ടിടങ്ങൾക്ക് നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള അപേക്ഷ ഓൺ ലൈൻ മുഖാന്തരം സമർപ്പിക്കാൻ പര്യാപ്തമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. അഗ്നിശമന സേനാംഗങ്ങൾക്ക് സ്വയം രക്ഷയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ശാസ്ത്രീയമായ കുറ്റാന്വേഷണം

4(*604) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളിൽ അന്വേഷണത്തിന്റെ ഭാഗമായി കസ്റ്റഡിയിൽ എടുക്കുന്നവരോട് അപരിഷ്കൃതമായും ക്രൂരമായും പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പെരുമാറ്റരീതികൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) കുറ്റാന്വേഷണം ശാസ്ത്രീയമായ രീതിയിൽ നടത്താതെ അപരിഷ്കൃതമായ രീതിയിൽ നടത്തുന്നതുമൂലം പീഡനങ്ങൾക്കിരയായവർ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മൂന്നാംമുറ പ്രയോഗം നടത്തിയതായി ആരോപിക്കപ്പെട്ട പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) പോലീസ് സ്റ്റേഷനുകളിൽ അന്വേഷണത്തിന്റെ ഭാഗമായി കസ്റ്റഡിയിൽ എടുക്കപ്പെടുന്നവരോട് അപരിഷ്കൃതമായും ക്രൂരമായും പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പോലീസ് കസ്റ്റഡിയിൽ എടുക്കപ്പെട്ടവരോട് കസ്റ്റഡിയിൽ ക്രൂരമായി പെരുമാറി എന്ന് ആരോപിച്ചുകൊണ്ടുള്ള അപൂർവ്വം ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly